ജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുണ്ട്. സദുദ്ദേശ പ്രഖ്യാപനങ്ങൾ കേട്ടും ദുരുദ്ദേശ നിർവഹണങ്ങൾ കണ്ടും തഴമ്പിച്ച ജനമനസ്സുകൾ സ്വരക്ഷയ്ക്കുള്ള മാർഗമെന്നനിലയിൽ അശുഭപ്രതീക്ഷാശീലം വളർത്തുകയെന്നതു് അസാധാരണമല്ല.

ആഡംബരവും പ്രകടനാത്മകതയും അഹങ്കാരവും ധിക്കാരവും കുറയ്ക്കുക, അണികളെ നിയന്ത്രിക്കുക, കുറച്ചുമാത്രം സംസാരിക്കുക, സിക്രട്ടേറിയററിന്നകത്തു് ഇരുന്നു കൂടുതൽ പ്രവർത്തിക്കുക, തങ്ങളെ വെട്ടിൽ വീഴ്ത്താൻ സേവക്കാരെ അനുവദിക്കാതിരിക്കുക—ഇത്രയും ചെയ്താൽ പുതിയ മന്ത്രിസഭയ്ക്കു് ഇന്നുള്ള ബഹുജനാനുഭാവം നിലനിർത്താനും, വളർത്താനും, രാജ്യത്തിനു ഫലപ്രദമായ സേവനം നൽകാനും കഴിയും.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിനു ഞങ്ങൾ നന്മനേരുന്നു; അവർ ജനങ്ങൾക്കു നന്മ ചെയ്യുമെന്നു് ആശിക്കുകയും ചെയ്യുന്നു.

(30 മാർച്ച്, 1987)

# 23. ഗോവ ഇരുപത്തഞ്ചാമത്തെ സംസ്ഥാനം

'ഇന്ത്യ, അതായതു് ഭാരതം, സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ ആയിരിക്കും' എന്ന പ്രഖ്യാപനത്തോടെയാണു നമ്മുടെ ഭരണഘടന ആരംഭിക്കുന്നതു്. ഇന്ത്യ എന്ന യൂണിയനിൽ ഘടകങ്ങളായ സംസ്ഥാനങ്ങളുടെ വിവരം ഭരണഘടനയോടനുബന്ധിച്ചുള്ള ഒന്നാം പട്ടികയിൽ ചേർത്തിരിക്കുന്നു. ഈ പട്ടികയിൽ ഇരുപത്തഞ്ചാമത്തെ സംസ്ഥാനമായി ഗോവയുടെ പേരു് 1987 മാർച്ച് 30–ാം തീയതി എഴുതിച്ചേർക്കപ്പെട്ടു. അതേ പട്ടികയുടെ അവസാനത്തിലുള്ള 'യൂണിയൻ പ്രദേശങ്ങൾ' എന്ന ഭാഗത്തിലായിരുന്നു ഗോവയുടെ പേരു് അന്നോളം ഉൾപ്പെടുത്തിയിരുന്നതു്. ഒരു യൂണിയൻ പ്രദേശം എന്ന നിലയിൽ ഗോവ ഈ പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടതു് 1962–ലാണ്. 1949 നവംബർ 26–ാം തീയതി ഭരണഘടനാ നിർമാണസഭ ഭരണഘടന അംഗീകരിച്ചു് ഇന്ത്യൻ ജനതയ്ക്കു സമർപ്പിക്കുമ്പോൾ ഗോവയുടെ പേരു് പട്ടികയിൽ ഒരിടത്തും ഉണ്ടായിരുന്നില്ല. അന്നു് ഗോവ പോർത്തുഗീസ് സാമ്രാജ്യത്തിന്റെ ഒരു ഭാഗമായിരുന്നു. 1961 ഡിസംബർ 19–ാം തീയതിയാണു് പോർത്തുഗീസ് ഭരണത്തിൽനിന്നു് ഗോവയെ ഇന്ത്യൻ സേന മോചിപ്പിച്ചതു്. ഗോവ ഇന്ത്യയുടെ ഒരു സംസ്ഥാനമായതോടെ, ഇപ്പോൾ, ആ വിമോചനപ്രക്രിയ പൂർണമായിരിക്കുന്നു. ഇന്ത്യയിലെ പോർത്തുഗീസ് സാമ്രാജ്യത്തിന്റെ ഭാഗങ്ങളായിരുന്ന, ഗുജറാത്തു് സംസ്ഥാനത്തിനകത്തുള്ള, ദാദ്രയും നാഗർഹവേലിയും 1961 മുതൽ കേന്ദ്ര ഗവൺമെൻറിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാണ്. 'യൂണിയൻ പ്രദേശം' എന്ന ദാദ്രയുടെയും നാഗർഹവേലിയുടെയും പദവി ഇപ്പോഴും നിലനില്ക്കുന്നു.

അറബിക്കടലിന്റെ തീരത്തു്, കർണാടക സംസ്ഥാനത്തിനും മഹാരാഷ്ട്രസംസ്ഥാനത്തിനും ഇടയിൽ ഏറെക്കുറെ കർണാടകസംസ്ഥാനത്താൽ ചുററപ്പെട്ടാണു് ഗോവ കിടക്കുന്നതു്. ഗോവയോടൊപ്പം പോർത്തുഗീസ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ദമൻ ഗുജറാത്തു സംസ്ഥാനത്തിനുള്ളിലാണ്. ക്യാംബേ ഉൾക്കടലിലുള്ള 'ദിയു' എന്ന ചെറു ദ്വീപും ഇതേ സാമ്രാജ്യത്തിൻ ഭാഗമായിരുന്നു. ദാമനും ദിയുവും ഇപ്പോൾ കേന്ദ്രഭരണ പ്രദേശങ്ങളായിരിക്കുന്നു. അവ ഒഴികെ, ഇപ്പോൾ രൂപവല്ക്കരിക്കപ്പെട്ട ഗോവാസംസ്ഥാനത്തിന്റെ വിസ്തീർണം 3702 ചതുരശ്ര കിലോ

മീററർ മാത്രമാകുന്നു. അങ്ങനെ, ഇന്ത്യയിൽ ഇപ്പോഴുള്ള സംസ്ഥാനങ്ങളിൽ വിസ്താരംകൊണ്ട് ഏററവും ചെറുതാണ് ഗോവ. 1981–ലെ ജനഗണന പ്രകാരം ഗോവയിൽ പത്തുലക്ഷത്തിരണ്ടായിരത്തോളം ആളുകൾ ഉണ്ട്. ജനസംഖ്യയുടെ കാര്യത്തിൽ, അരുണാചലപ്രദേശ്, മിസോറാം, സിക്കിം, നാഗലാൻഡ് എന്നീ സംസ്ഥാനങ്ങൾ ഗോവയേക്കാൾ താഴെയാണ്. ഗോവയിലെ മുഖ്യ ഭാഷയായ കൊങ്കണിക്ക് ഭരണഭാഷ എന്ന പദവി നൽകപ്പെട്ടിരിക്കുന്നു. എങ്കിലും, ഭരണകാര്യങ്ങൾക്ക് മറാഠികൂടി ഉപയോഗിക്കാമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ, പക്ഷേ, ഗോവയിലെ മറാഠികളെ തൃപ്തിപ്പെടുത്തിയിട്ടില്ല.

ആഫ്രിക്ക ചുററി ഇന്ത്യയിലേക്ക് ആദ്യമായി വന്നെത്തിയ യൂറോപ്യൻ നാവികൻ പോർത്തുഗീസ്സുകാരനായ വാസ്കോഡഗാമയാണല്ലോ. ക്രിസ്തുവർഷം 1497–ൽ കോഴിക്കോട്ട് സന്ദർശിച്ച ഗാമയുടെ അനുയായികളിൽ പ്രമുഖനായ അൽഫോൺസോ ഡ ആൽബുകർക്ക് 1510–ാമാണ്ടിൽ ഗോവയും പരിസരപ്രദേശങ്ങളും പിടിച്ചടക്കി ഇന്ത്യയിലെ പോർത്തുഗീസ് സാമ്രാജ്യത്തിൻെറ തുടക്കം കുറിച്ചു. പിന്നീടുള്ള നാനൂററമ്പത്തൊന്നു വർഷങ്ങളിൽ ഇന്ത്യയിലെ പോർത്തുഗീസ് അധീന പ്രദേശങ്ങളുടെ തലസ്ഥാനമായിരുന്നു ഗോവ.

അതിനുമുമ്പോ? ഗോമതി (മണ്ഡോവി), അഘനാശിനി (സുവാരി) എന്ന രണ്ടു നദികളുടെ മദ്ധ്യത്തിലുള്ളതും, മൂന്നുവശത്തും കുന്നുകളാൽ ചൂഴപ്പെട്ടതും, മനോഹരമായ ഒരു കടൽത്തീരത്താൽ അനുഗൃഹീതവുമായ ഗോമന്തകത്തിനു വലിയ ചരിത്രപ്രാധാന്യമൊന്നും അതിനുമുമ്പ് ഉണ്ടായിരുന്നില്ല. ദക്ഷിണ കൊങ്കണമെന്നും പരശുരാമക്ഷേത്രമെന്നും അറിയപ്പെട്ടിരുന്ന ഈ പ്രദേശത്തു് ക്രിസ്തുവിനു രണ്ടു നൂററാണ്ടുകൾ മുമ്പ് ഈജിപ്തിൽനിന്നും ഫിനീഷ്യയിൽനിന്നും മററുമുള്ള കപ്പലുകൾ അടുക്കാറുണ്ടായിരുന്നുവത്രേ. അന്നു് ഈ പ്രദേശം ശാതവാഹനരുടെ ഭരണത്തിൻ കീഴിലായിരുന്നു. പിന്നീട് ഭോജർ, മൗരിയർ, കാലചൂരികൾ മുതലായ രാജവംശങ്ങൾ ഈ പ്രദേശം ഭരിച്ചു. ക്രിസ്തുവർഷം 578–നടുത്തു് വാതാപി (ബാദാമി)യിലെ ചാലൂക്യരുടെ ഭരണം ഇവിടെ സ്ഥാപിതമായി. രണ്ടു നൂററാണ്ടോളം കഴിഞ്ഞു്, ക്രിസ്തുവർഷം 753–ൽ, മാൽഖേഡിലെ രാഷ്ട്രകൂടർ ചാലൂക്യരെ ഗോവയിൽനിന്നു തുരത്തി. മാളവംമുതൽ കാഞ്ചിപുരംവരെ കീഴടക്കി ദക്ഷിണാപഥം വാണ രാഷ്ട്രകൂടരെ ക്രിസ്തുവഷം 973–ൽ കല്യാണിയിലെ ചാലൂക്യർ പരാജയപ്പെടുത്തി. ചാചൂക്യരുടെ സാമന്തന്മാരായി ശീലഹാരന്മാരും കദംബന്മാരും കൊങ്കണം ഭരിച്ചു. കദംബരുടെ ഭരണകാലമാണ് ഗോവയുടെ സ്വർണയുഗമായി കണക്കാക്കപ്പെടുന്നതു്.

ക്രിസ്തുവർഷം പതിനാലാം നൂററാണ്ടിൻെറ ആദ്യവർഷങ്ങളിൽ മാലിക് കാഫറുടെ പടയോട്ടത്തെത്തുടർന്നു് ഗോവ മുസ്ലിം ഭരണത്തിൻ കീഴിലായി. പിന്നീട് ഏതാണ്ട് ഒരു നൂററാണ്ടു കാലത്തേക്ക് വിജയനഗര സാമ്രാജ്യത്തിൻെറ കൊടി ഈ പ്രദേശത്തു പറന്നുവെങ്കിലും, ആ സാമ്രാജ്യത്തിൻെറ തകർച്ചയെത്തുടർന്നു് ബാഹ്മിനി സുൽത്താന്മാരുടെ ഭരണം ഇവിടെ സ്ഥാപിക്കപ്പെട്ടു. ബാഹ്മിനി രാജ്യം ഛിന്നഭിന്നമായപ്പോൾ, ക്രിസ്തുവർഷം 1489–ൽ ബീജാപ്പൂർസുൽത്താൻ ആദിൽഷാ ഈ പ്രദേശം പിടിച്ചടക്കി. ബീജാപ്പൂർ സുൽത്താൻെറ കൈയിൽനിന്നാണ് ആൽബുകർക്ക് ഗോവ പിടിച്ചെടുത്തു് ഇന്ത്യയിലെ പോർത്തുഗീസ് സാമ്രാജ്യത്തിൻെറ തുടക്കം കുറിച്ചതു്.

ഇന്ത്യയിലെത്തിയ ഇംഗ്ലീഷുകാർക്കുണ്ടായിരുന്നതുപോലെ, തങ്ങൾ ഒരു ഉയർന്ന വർഗമാണെന്ന ധാരണ പോർത്തുഗീസ്സുകാർക്കുണ്ടായിരുന്നില്ല. അവർ നാട്ടുകാരുമായി ധാരാളം ഇടകലർന്നു: സൗകര്യം കിട്ടിയപ്പോഴൊക്കെ നാട്ടുകാരികളെ വിവാഹംചെയ്ത് ഒരു സങ്കരവർഗത്തെ നില

വിൽ വരുത്തുകയുംചെയ്തു. അതേസമയം, ഇംഗ്ലീഷുകാർക്ക് ഇല്ലാതിരുന്ന മതഭ്രാന്ത് പോർത്തുഗീസുകാർക്ക കുറെ കൂടുതലായിരുന്നു. ഹിന്ദുക്കളെ ദ്രോഹിക്കുന്നതിലും, അവരെ നിർബന്ധിച്ച് ക്രിസ്തുമതത്തിൽ ചേർക്കുന്നതിലും പല പോർത്തുഗീസ് അധികൃതരും വലിയ ശുഷ്കാന്തി കാണിച്ചു. ഇതിൻ ഫലമായി, പോർത്തുഗീസുകാരുടെ ആധിപത്യം സ്ഥാപിക്കപ്പെട്ട കാലത്തുതന്നെ, അവർക്കെതിരായ സമരവും ഗോവയിൽ ആരംഭിച്ചു. കാലക്രമേണ, 'ഭരണത്തിലും മതസംഘടനയിലും വിദേശികൾക്കുള്ള മേധാവിത്വത്തിനെതിരെ ശക്തിയുള്ള ഒരു പ്രസ്ഥാനം ഗോവയിലെ ക്രിസ്ത്യാനികൾക്കിടയിലും വളർന്നുവന്നു. ഗോവയിൽ ഒരു റിപ്പബ്ലിക്കൻ ഭരണകൂടം സ്ഥാപിക്കുകയെന്ന സ്വപ്നം പതിനെട്ടാം നൂറാണ്ടിൽ തന്നെ പല ഗോവക്കാരും കണ്ടു തുടങ്ങി. 1845–ലും 1852–ലും പോർത്തുഗീസുകാർക്കെതിരായ കലാപങ്ങൾ ഗോവയിലുണ്ടായി. 1870–ൽ പോലീസുകാരും 1884–ൽ മറാഠാ പട്ടാളക്കാരും ഗോവയിലെ പോർത്തുഗീസ് ഭരണത്തെ എതിർത്തു.

ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽനിന്നു സ്വാതന്ത്ര്യം നേടുന്നതിനു് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന സമരം ഗോവയിലും പ്രത്യാഘാതങ്ങൾ ഉളവാക്കാതിരുന്നില്ല. ദത്താത്രേയ വെങ്കടേശ പൈ, ഗോവിന്ദ പുണ്ഡലീക ഹേഗഡേ ദേശായി, ലൂയിസ് ഡ മെനെസെസ് ബ്രിഗാൻസ എന്നിവർ ഗോവക്കാരുടെ ദേശീയബോധവും സ്വാതന്ത്ര്യതൃഷ്ണയും ഉണരുന്നതിനു ഗണ്യമായ സംഭാവന നല്കിയവരിൽ ചിലരാണു്. 1928–ാമാണ്ടിൽ ഗോവയിൽ ഒരു കോൺഗ്രസ് കമ്മററി സ്ഥാപിക്കപ്പെട്ടു. പക്ഷേ, അതിന്റെ മുഖ്യ പ്രവർത്തനകേന്ദ്രം ബോംബെ ആയിരുന്നു.

ഇന്ത്യ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞശേഷം, 1946 ജൂൺ 18–ാം തീയതി, ഡോക്ടർ രാം മനോഹർ ലോഹിയയുടെ നേതൃത്വത്തിൽ നിയമലംഘനപ്രസ്ഥാനം ആരംഭിച്ചതോടെയാണു് പോർത്തുഗീസ് ആധിപത്യത്തിൽനിന്നുള്ള ഗോവയുടെ വിമോചനം ആസന്നമെന്ന ബോധം ജനങ്ങളുടെ ഇടയിൽ ഉളവായതു്. ഗോവ വിമോചനപ്രസ്ഥാനത്തിനു് ഡോക്ടർ ലോഹിയ നൽകിയ സേവനം നിസ്തുല്യമാകുന്നു. ഈ പ്രസ്ഥാനത്തെ അടിച്ചമർത്താൻ പോർത്തുഗീസ് അധികാരികൾ ശ്രമിച്ചു. ഗുജറാത്തു സംസ്ഥാനത്താൽ ചുററപ്പെട്ടുകിടക്കുന്ന ദാദ്രയും നാഗർഹവേലിയും 1954–ൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഇതോടെ ഗോവയിലും സ്വാതന്ത്ര്യസമരം ശക്തിയാർജിച്ചു. ഒടുവിൽ, ജനങ്ങളുടെ സമ്മർദത്തിനു വഴങ്ങി, 1961 ഡിസംബർ 19–ാം തീയതി മലയാളിയായ ജനറൽ കെ. പി. കാൻഡെത്തിന്റെ നേതൃത്വത്തിൽ ഇന്ത്യൻ സേന ഗോവയിലേക്കു കടന്നു; അതോടെ ഇന്ത്യയിലെ പോർത്തുഗീസ് സാമ്രാജ്യം ഒരു പഴയ ചരിത്രവസ്തുതയായിത്തീരുകയുംചെയ്തു.

മറാഠിയുടെ ഒരു ഉപഭാഷയാണു് ഗോവയിലെ ഭൂരിപക്ഷ ജനങ്ങൾ സംസാരിക്കുന്ന കൊങ്കണി എന്നും, ഭാഷാപരമായ അടിസ്ഥാനത്തിൽ ഗോവയെ മഹാരാഷ്ട്രസംസ്ഥാനത്തിൽ ചേർക്കണമെന്നും വാദിക്കുന്നവരായിരുന്നു ഗോവയിലെ സ്വാധീനമുള്ള ഒരു വിഭാഗം. അതേസമയം, ഭൂമിശാസ്ത്രപരമായ പരിഗണനകളാൽ ഗോവയെ കർണാടകസംസ്ഥാനത്തിൽ ലയിപ്പിക്കുകയാണു വേണ്ടതെന്ന അഭിപ്രായവും ചിലർക്കെങ്കിലും ഉണ്ടായിരുന്നു. പക്ഷേ, കൊങ്കണി ഒരു സ്വതന്ത്ര ഭാഷയാണെന്നും, ഗോവപ്രദേശത്തിനു് അതിന്റേതായ സവിശേഷസംസ്കാരമുണ്ടെന്നും വിശ്വസിക്കുന്നവരും കുറവായിരുന്നില്ല. കാലക്രമത്തിൽ ഇവരുടെ വാദങ്ങൾക്കു പൊതുജനപിന്തുണ ലഭിച്ചു. പ്രാദേശിക ഭേദങ്ങൾ അകററി കൊങ്കണിഭാഷയെയും സാഹിത്യത്തെയും പുഷ്ടിപ്പെടുത്തുന്നതിനു കാര്യ

മായ ശ്രമങ്ങൾ അടുത്തകാലത്തു നടന്നു. ഗോവൻ ദേശീയത സംരക്ഷിക്കുന്നതിനും വളർത്തുന്നതിനുമുള്ള യത്നത്തിന്റെ പരിണതഫലമായി, 1987 മെയ് 30–ാം തീയതി ഗോവയ്ക്ക് ഇന്ത്യൻ യൂണിയനിലെ ഒരു സംസ്ഥാനം എന്ന പദവി കൈവരികയുംചെയ്തു. കേരളംകൂടി നഷ്ടപ്പെട്ടശേഷം, നർമദയ്ക്കു തെക്കു തങ്ങൾക്ക് ആധിപത്യമുള്ള ഒരു സംസ്ഥാനം എങ്കിലും ഉണ്ടായിരിക്കണമെന്ന കോൺഗ്രസ്സിന്റെ ആഗ്രഹമാണ് ഇത്രയും വേഗത്തിലും അനായാസമായും ഗോവയ്ക്കു സംസ്ഥാനപദവി നേടിക്കൊടുത്തതെന്നു കരുതുന്നവർ കുറവല്ല. ഗോവയിൽ ഇപ്പോൾ നിലവിലുള്ളതു കോൺഗ്രസ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു മന്ത്രിസഭയാണ്.

ഗോവയെ ഇന്ത്യയിലെ ഒരു മാതൃകാസ്റ്റേററ് ആക്കുമെന്ന്, ആ സംസ്ഥാനത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായ ശ്രീ പ്രതാപസിംഹ് റാവുജിറാണേ പ്രഖ്യാപിച്ചിട്ടുണ്ട്. പല കാര്യങ്ങളിലും ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ മുൻവരിയിൽ ഒരു സ്ഥാനം ഇപ്പോൾത്തന്നെ ഗോവയ്ക്കു കൈവന്നിരിക്കുന്നു. ഗോവയിലെ മിക്ക ഗ്രാമങ്ങളിലും കുടിവെള്ളവും വിദ്യുച്ഛക്തിയും ടെലിഫോണും നല്ല റോഡുകളും ഉണ്ട്. സാക്ഷരതയിൽ ഗോവ മുന്നിട്ടുതന്നെ നില്ക്കുന്നു. വിനോദയാത്രക്കാരുടെ സ്വർഗം എന്ന പദവിയും ഗോവ നേടിയിരിക്കുന്നു. കൃഷി ആധുനികീകരിക്കുന്നതിനും, പരിസ്ഥിതിയെ മലിനമാക്കാത്ത ലഘു വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുമായിരിക്കും താൻ മുൻഗണന നൽകുക എന്ന മുഖ്യമന്ത്രി റാണേയുടെ പ്രസ്താവന സ്വാഗതാർഹമാണ്.

ഈ പുതിയ സംസ്ഥാനത്തിനു നാം ത്വരിതപുരോഗതി നേരുക!

(6 ജൂൺ, 1987)

# 24. നമ്മുടെ പാർലമെൻററ്

രാജ്യസഭയിൽ ഇരുനൂററിനാൽപ്പത്തിനാലും ലോകസഭയിൽ അഞ്ഞൂററിനാൽപ്പത്തിനാലും അടക്കം എഴുനൂറെറൺപത്തെട്ടംഗങ്ങളാണ് ഇന്ത്യയുടെ പരമാധികാരസഭയായ പാർലമെൻററിൽ ഉള്ളതു്. വലിയ ഒരു കൂട്ടം തന്നെ, അല്ലേ?

നമ്മുടെ രാഷ്ട്രത്തിന്റെ ഇന്നത്തെ മാത്രമല്ല നാളത്തെയും ഭാഗധേയം നിർണയിക്കുന്ന ഈ പാർലമെൻററംഗങ്ങൾ ആരൊക്കെയാണ്.

ഇന്ത്യാഗവണ്മെൻറിന്റെ വാർത്താവിതരണ പ്രക്ഷേപണവകുപ്പിന്റെ കീഴിലുള്ള പബ്ലിക്കേഷൻസ് ഡിവിഷൻ വർഷംതോറും പ്രസിദ്ധീകരിക്കുന്ന 'റഫറൻസ് ആന്വലുകൾ' നോക്കിയാൽ അതാതു കാലത്തെ പാർലമെൻററ് അംഗങ്ങളുടെ പേരുവിവരവും, അവരോരോരുത്തരും ഏതു പ്രദേശത്തിലെ ജനങ്ങളെ പ്രതിനിധാനംചെയ്യുന്നു എന്ന വിവരവും മനസ്സിലാക്കാം.

പക്ഷേ, അതുകൊണ്ടായില്ലല്ലോ. ഈ അംഗങ്ങൾക്ക് ഓരോരുത്തർക്കും എത്ര വയസ്സായി? അവർ എത്രത്തോളം പഠിപ്പുള്ളവരാണ്? എന്താണ് അവരുടെ സാമൂഹ്യ–സാമ്പത്തിക പശ്ചാത്തലം? നമ്മുടെ രാഷ്ട്രത്തിന്റെ ഇന്നത്തെയും നാളത്തെയും ഭാഗ്യ–നിർഭാഗ്യങ്ങൾ രൂപപ്പെടുത്താൻ ഈ പാർലമെൻററംഗങ്ങളിൽ ഓരോരുത്തർക്കും എത്രമാത്രം അർഹതയുണ്ടെന്നു നിർണയിക്കണമെങ്കിൽ, അവരെ സംബന്ധിച്ച് ഇപ്പറഞ്ഞ തരത്തിലുള്ള പല വിവരങ്ങളും നാം അറിഞ്ഞിരിക്കണം.